(എ) മത്സ്യബന്ധനവും അതുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ക്ഷേമനിധി ഏതൊക്കെ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് പ്രയോജനപ്പെടുമെന്ന് പറയുമോ;

(സി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യ സംസ്കരണം, വിതരണം, വിൽപ്പന തുടങ്ങിയ രംഗങ്ങളിൽ പണിയെടുക്കുന്ന മത്സ്യബന്ധനേതര തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്.

(ബി) 1. ബീച്ച് വർക്കർമാർ

2. ചെറുകിട മത്സ്യവിതരണക്കാർ

3. മത്സ്യം ഉണക്കുന്ന ജോലിയിൽ ഏർപ്പെടുന്നവർ.

4. പീലിംഗ് തൊഴിലാളികൾ

5. ചെറുപ്ലാന്റുകളിലെ പ്രോസസിംഗ് തൊഴിലാളികൾ

(സി) ഇതിനായുള്ള സ്കീം അംഗീകരിച്ചു ഗസറ്റ് വിജ്ഞാപനം ആകുന്ന മുറയ്ക്കു പ്രവർത്തനം ആരംഭിക്കുന്നതാണ്.

13 (1113) മത്സ്യത്തൊഴിലാളിക്ഷേമ പദ്ധതികൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) മത്സ്യസംസ്കരണ വിതരണമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) മത്സ്യസംസ്കരണം, വിതരണം, വിൽപ്പന മുതലായ രംഗങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ ഉൾപ്പെടുന്ന മത്സ്യബന്ധനേതര തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കുകയും ടി തൊഴിലാളികളെക്കൂടി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly